പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 479 — 19.03.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കെ.എസ്.ആർ. ടി.സി. പരിഷ്കരിച്ചിട്ടുണ്ടോ; | (എ) | കൺസഷൻ യാത്ര അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് പ്രയോജന പ്രദമാകുന്ന തരത്തിലുള്ള മാനദണ്ഡങ്ങൾ കോർപ്പറേഷൻ കാലാകാലങ്ങളിൽ നടപ്പിൽ വരുത്താറുണ്ട്. കൺസഷൻ കാർഡ് എടുക്കുന്നതിലേക്കായി വിദ്യാർത്ഥികൾ ക്ലാസ്സുകൾ നഷ്ടപ്പെടുത്തി വരുന്ന പ്രവണത ഒഴിവാക്കി, വിദ്യാർത്ഥി ചുമതലപ്പെടുത്താവുന്ന ഏതൊരാൾക്കും ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ച് കൺസഷൻ കാർഡ് കരസ്ഥമാക്കാവുന്നതാണ്. അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ദിവസങ്ങളിലും കൺസഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്. അവധി ദിവസങ്ങളിൽ കൂടി യാത്ര ചെയ്യാവുന്നതിനാൽ കൺസഷൻ ടിക്കറ്റിൽ അനുവദിച്ചിട്ടുള്ള യാത്രാദിവസം നേരത്തെ തീരുന്ന പക്ഷം കാലാവധി മാനദണ്ഡമാക്കാതെ കൺസഷൻ ടിക്കറ്റ് പുതുക്കുന്നതിനുള്ള അവസരം നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥി പഠിക്കാൻ ഉദ്ദേശിക്കുന്ന പാഠ്യവിഷയമുള്ള പഠന സ്ഥാപനം നാൽപ്പത് കിലോമീറ്റർ പരിധിക്കുള്ളിൽ ഇല്ലായെങ്കിൽ ദൂരപരിധി കണക്കാക്കാതെ യാത്രാസൗജന്യം അനുവദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യെ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | തല്ക്കാലം പരിഗണനയിൽ ഇല്ല. |
| (സി) | കെ.എസ്.ആർ.ടി.സി. യിൽ പെൻഷൻ വിതരണത്തിനായി സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | കെ.എസ്.ആർ.ടി.സി.യ്ക്ക് ഗ്രാന്റ് ഇനത്തിലും ലോൺ ഇനത്തിലും ഓരോ സാമ്പത്തിക വർഷവും സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. എന്നാൽ പെൻഷൻ വിതരണത്തിനായി പ്രത്യേക സാമ്പത്തിക സഹായം അനുവദിയ്ക്കുന്ന കാര്യം തല്കാലം പരിഗണനയിലില്ല. |
| (ഡി) | വിദ്യാർത്ഥികളുടെ കൺസഷൻ, വിവിധ വിഭാഗം യാത്രക്കാർക്ക് അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം എന്നീ ഇനത്തിൽ പ്രതിവർഷം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്ര? | (ഡി) | വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിച്ച ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 50.43 കോടി രൂപയുടെ ബാധ്യതയുണ്ടായിട്ടുണ്ട്.<br>സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി വിവിധ ജനവിഭാഗങ്ങൾക്ക് യാത്രാ പാസ് അനുവദിക്കുന്ന ഇനത്തിൽ 93.34 കോടി രൂപയുടെ ബാധ്യതയും കെ.എസ്.ആർ.ടി.സി.ക്ക് പ്രതിവർഷം ഉണ്ടാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ